**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6443** **10-11-2021 - ൽ മറുപടിയ്ക്ക്**

**ദുരന്ത ലഘൂകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എത്ര തദ്ദേശഭരണസ്ഥാപനങ്ങൾ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എത്ര തദ്ദേശഭരണസ്ഥാപനങ്ങളിൽ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കാനുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | കേരളത്തിലുള്ള 1034 തദ്ദേശ സ്ഥാപനങ്ങളിൽ 1030 തദ്ദേശ സ്ഥാപനങ്ങൾ ദുരന്ത ലഘൂകരണ പദ്ധതികൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്ത്, ആന്തൂർ മുനിസിപ്പാലിറ്റി , കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്ത് എന്നീ 4 തദ്ദേശഭരണ സ്ഥാപനങ്ങൾ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കാൻ ബാക്കിയുണ്ട്. |
| (ബി) | ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്തൊക്കെ സേവനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ദുരന്ത നിവാരണ പദ്ധതികൾ തയ്യാറാക്കുന്നതിന് സഹായകമായ പ്ലാൻ ടെംപ്ലേറ്റ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി കിലയ്ക്ക് (KILA) നൽകുകയും അതു ഉപയോഗിച്ചുകൊണ്ട് പദ്ധതികൾ തയ്യാറാക്കാൻ കിലയോടൊപ്പം സഹകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അവരുടെ ദുരന്ത സാധ്യത അനുസരിച്ച ഏകദേശം 30000 ശാസ്ത്രീയമായ ഭൂപടങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി എമർജൻസി റെസ്പോൺസ് ടീമുകൾക്ക് പ്രഥമ ശുശ്രൂഷ, ക്യാമ്പ് മാനേജ്മെൻറ്,, ദുരന്ത മുന്നറിയിപ്പ്, തിരച്ചിൽ രക്ഷപ്പെടുത്തൽ എന്നീ വിഷയങ്ങളിലും പരിശീലനം സംഘടിപ്പിച്ചു. പ്ലാനുകൾ വിശകലനം ചെയ്യുന്നതിനുള്ള പരിശീലനം ഈ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് നൽകി. ഉരുൾപൊട്ടൽ സാധ്യതാ മേഖലയിലുള്ള സ്ഥാപനങ്ങളുടെ എഞ്ചിനീയർമാർക്കായി പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്. തദ്ദേശ തലത്തിൽ തയ്യാറാക്കിയ പ്ലാനുകളുടെ സൂക്ഷ്മ പരിശോധനക്കായി ഓരോ ജില്ലയിലും റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ |

| | | | |
|---|---|---|---|
| | | | 14 കോ-ഓർഡിനേറ്റർമാരെ കില മുഖേന നിയമിച്ചിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിൽ പദ്ധതികളുടെ പരിശോധന നടത്തി കോഡീകരിച്ച റിപ്പോർട്ട് തദ്ദേശ സ്വയം ഭരണ വകുപ്പിന് നൽകുകയും ചെയ്തു. കൂടാതെ ഈ പ്ലാനുകൾ ദുരന്ത നിവാരണ അതോറിറ്റിയുടെയും കിലയുടെയും വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ